# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ഒക്ടോബർ 6, ബുധനാഴ്ച

**നമ്പർ 32**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

എൻഡോസൾഫാൻ പുനരധിവാസ പദ്ധതികളെ ഏകോപിപ്പിക്കുന്ന റെമഡിയേഷൻ സെൽ നിഷ്ക്രിയമായതിനെ തുടർന്ന് എൻഡോസൾഫാൻ ദുരിത ബാധിതരായവർക്കുള്ള അർഹമായ ആനുകൂല്യങ്ങൾ നിലച്ചതും, ദുരിതബാധിതരായവർക്ക് സുപ്രീം കോടതി വിധി പ്രകാരമുള്ള നഷ്ടപരിഹാരം നൽകാത്തതും കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എൻ. എ. നെല്ലിക്കുന്നും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ശ്രദ്ധ ക്ഷണിക്കൽ :

(1) കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വിനോദസഞ്ചാര മേഖല പ്രവർത്തന സജ്ജമാക്കേണ്ടതിന്റെയും വിനോദസഞ്ചാര മേഖലയെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരുടെ അതിജീവനം ഉറപ്പുവരുത്തേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. എച്ച്. സലാം പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ അധീനതയിലുള്ള തൊഴിൽ-നൈപുണ്യ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുന്നതിന് സമഗ്രമായ ഒരു സ്കിൽ പോളിസിയും സ്കിൽ ഡെവലപ്മെന്റ് അതോറിറ്റിയും രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഡോ. എം. കെ. മുനീർ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | പോപ്പുലർ ഫിനാൻസ് കമ്പനി സാമ്പത്തിക തട്ടിപ്പ് അന്വേഷണം | മുഖ്യമന്ത്രി |
| 2 | ശ്രീ. ടി. ഐ. മധുസൂദനൻ | ഏഴിമല നാവിക അക്കാദമിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. അനൂപ് ജേക്കബ് | കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം പരിവർത്തനം ചെയ്യുന്നതിന് അനുമതി | കൃഷി വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. എൻ. ഷംസീർ | വിദ്യാർത്ഥികൾക്ക് വീടിനടുത്തുള്ള വിദ്യാലയങ്ങളിലേക്ക് മാറുന്നതിന് അനുമതി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. മമ്മിക്കുട്ടി | കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പാറപ്പുറം - വല്ലം കടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് പുതുക്കി പണിയുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. എം. സച്ചിൻദേവ് | പാവങ്ങാട് ഉള്ളിയേരി-കുറ്റ്യാടി ചൊവ്വ റോഡ് നവീകരണ പ്രവൃത്തി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ആർ. സുനിൽ കുമാർ | സ്പൈനൽ മസ്കുലാർ അട്രോഫി (SMA) രോഗികൾക്ക് മരുന്നും സഹായ ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. മഞ്ഞളാംകുഴി അലി | മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു:

i) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

ii) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

iii) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

iv) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

നിയമനിർമ്മാണകാര്യം :

1) 2021 - ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021 - ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവയുടെ അവതരണവും, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയങ്ങളും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവനകൾ മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബില്ലുകൾ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എൻ. ഷംസുദ്ദീൻ 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. സി. ആർ. മഹേഷ് നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഇ. കെ. വിജയനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. പി. പി. ചിത്തരഞ്ജനും അവതരിപ്പിച്ചു സംസാരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. കെ. എം. അഷ്റഫ് 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. എം. വിൻസെന്റ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. ഷാഫി പറമ്പിൽ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. നജീബ് കാന്തപുരവും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. വാഴൂർ സോമൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ശശിയും അവതരിപ്പിച്ചു സംസാരിച്ചു.

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. സി. വിഷ്ണുനാഥ് 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു.

ശ്രീ. പി. ഉബൈദുള്ള നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഇ. ചന്ദ്രശേഖരനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)-യും അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. പി. അബ്ദുൽ ഹമീദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കുറുക്കോളി മൊയ്തീൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെയും, ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെയും പിന്താങ്ങി സംസാരിച്ചു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങൾ സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബില്ലുകൾ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

<u>2) 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിന്റെ അവതരണവും, സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1 ) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. രമേശ് ചെന്നിത്തല 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബില്ലിന് ആധാരമായ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. മാത്യു കുഴൽനാടനും-ഉം, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി ഒ. എസ്. അംബിക ചുമതലപ്പെടുത്തിയതനുസരിച്ച്

ശ്രീ. ടി. പി. രാമകൃഷ്ണനും അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. പ്രഭാകരൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെയും, ശ്രീ. സി. സി. മുകുന്ദൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ആർ. സുനിൽ കുമാർ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെയും പിന്താങ്ങി സംസാരിച്ചു.

തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഓർഡിനൻസ് നിരാകരണപ്രമേയങ്ങൾ സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കുകയും, ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2021 ഒക്ടോബർ 7- ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 7.40-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

## Third Session

# BULLETIN—PART I

( Brief Record of Proceedings )

*Wednesday, October 6, 2021*

**No. 32**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Higher Education and Social Justice, the Speaker withheld consent to the moving of an adjournment motion given notice of by Shri N. A. Nellikkunnu and five other Members to the serious situation reported to have arisen consequent to the stoppage of eligible benefits to the Endosulphan victims because of the dysfunctional remediation cell set up for the co-ordination of the Endosulphan rehabilitation projects and the non-disbursement of compensation ordered by the Supreme Court to these victims.

*Calling Attention :*

1. Shri. H. Salam called the attention of the Minister for Public Works and Tourism to the necessity to trigger tourism sector in compliance with Covid protocol and to ensure the survival of those who depend on the tourism sector for their livelihood. The Minister made a statement thereto.

2. Dr. M. K. Muneer called the attention of the Minister for General Education and Labour to the necessity to formulate a comprehensive skill policy and skill development authority to co-ordinate various vocational skill training programmes under various departments in the State. The Minister made a statement thereto.

KNPP.1574/2021(ii)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | പോപ്പുലർ ഫിനാൻസ് കമ്പനി സാമ്പത്തിക തട്ടിപ്പ് അന്വേഷണം | മുഖ്യമന്ത്രി |
| 2 | ശ്രീ. ടി. ഐ. മധുസൂദനൻ | ഏഴിമല നാവിക അക്കാദമിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. അനൂപ് ജേക്കബ് | കിഴുമുറിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലം പരിവർത്തനം ചെയ്യുന്നതിന് അനുമതി | കൃഷി വകുപ്പുമന്ത്രി |
| 4 | ശ്രീ. എ. എൻ. ഷംസീർ | വിദ്യാർത്ഥികൾക്ക് വീടിനടുത്തുള്ള വിദ്യാലയങ്ങളിലേക്ക് മാറുന്നതിന് അനുമതി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. മമ്മിക്കുട്ടി | കർഷക തൊഴിലാളി ക്ഷേമനിധി പദ്ധതി പരിഷ്കരിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പാറപ്പുറം - വല്ലം കടവ് പാലം നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സ് പുതുക്കി പണിയുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8 | ശ്രീ. കെ. എം. സച്ചിൻദേവ് | പാവങ്ങാട് ഉള്ളിയേരി-കുറ്റ്യാടി ചൊവ്വ റോഡ് നവീകരണ പ്രവൃത്തി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9 | ശ്രീ. വി. ആർ. സുനിൽ കുമാർ | സ്പൈനൽ മസ്കുലാർ അട്രോഫി (SMA) രോഗികൾക്ക് മരുന്നും സഹായ ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. മഞ്ഞളാംകുഴി അലി | മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented:

i) Report of Subject Committee-IX on The Kerala Employment Guarantee Workers' Welfare Fund Bill, 2021.

ii) Report of Subject Committee-IX on The Kerala Panchayat Raj (Amendment) Bill, 2021.

iii) Report of Subject Committee-IX on The Kerala Town and Country Planning (Amendment) Bill, 2021

iv) Report of Subject Committee-IX on The Kerala Municipality (Amendment) Bill, 2021

*Legislative Business :*

1) Introduction and motion for reference to Subject Comittee of The Kerala Coir Workers' Welfare Fund (Amendment) Bill, 2021, The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021 and The Kerala Minerals (Vesting of Rights) Bill, 2021.

Shri P. Rajeeve, Minister for Law, Industries and Coir introduced The Kerala Coir Workers' Welfare Fund (Amendment) Bill, 2021, The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021 and The Kerala Minerals (Vesting of Rights) Bill, 2021 and laid the statements under rule 75(1). Then the Minister moved that the Bills be referred to Subject Committee IV.

Shri N. Samsudheen as authorised by Shri. Manjalamkuzhi Ali moved the ordinance disapproval motion in respect of The Kerala Coir Workers' Welfare Fund (Amendment) Bill, 2021 and spoke. Shri. C. R. Mahesh seconded the motion and spoke. Shri E. K. Vijayan as authorised by Shri E. Chandrasekharan moved an amendment to the Bill for eliciting public opinion and Shri P. P. Chitharanjan moved another amendment for referring the Bill to a Select Committee and spoke.

Shri A. K. M. Ashraf as authorised by Shri N. A. Nellikkunnu moved the ordinance disapproval motion in respect of The Kerala Micro, Small and Medium Enterprises Facilitation (Amendment) Bill, 2021 and spoke. Shri Shafi Parambil as authorised by Shri M. Vincent seconded the motion and spoke. Shri Najeeb Kanthapuram as authorised by Shri Manjalamkuzhi Ali moved an amendment to circulate the Bill for eliciting public opinion and Shri V. Sasi as authorised by Shri Vazhoor Soman moved another amendment for referring the Bill to a Select Committee and spoke.

Shri P. C. Vishnunadh as authorised by Shri K. Babu (*Thripoonithura*) moved the ordinance disapproval motion for The Kerala Minerals (Vesting of Rights) Bill, 2021 and spoke. Shri. P. Ubaidulla seconded the motion and spoke.

Shri E. Chandrasekharan moved an amendment to circulate the Bill for eliciting public opinion and Shri K. Babu (*Thripoonithura*) moved another amendment for referring the Bill to a Select Committee and spoke. Shri Kurukkoli Moideen as authorised by Shri P. Abdul Hameed seconded the amendment to circulate the Bill for eliciting public opinion and spoke. Shri K. P. Kunhammed Kutti Master as authorised by Shri P. S. Supal seconded the amendment for referring the Bill to a Select Committee and spoke.

After the reply by the Minister for Law, Industries and Coir, the ordinance disapproval motions were declared lost. The amendments moved were withdrawn by the leave of the House. Then the Motion was adopted and the Bills were referred to the Subject Committee-IV.

2) Introduction and motion for reference to Subject Committee of The Kerala Toddy Industry Development Board Bill, 2021.

Shri M. V. Govindan Master, Minister for Local Self Governments, Rural Development and Excise introduced The Kerala Toddy Industry Development Board Bill, 2021 and laid the statement under rule 75(1). Then the Minister moved that the Bill be referred to Subject Committee-VIII.

Shri Ramesh Chennithala as authorised by Dr. M. K. Muneer moved the ordinance disapproval motion for The Kerala Toddy Industry Development Board Bill, 2021 and spoke. Shri K. Babu (*Thripoonithura*) as authorised by Shri. I. C. Balakrishnan seconded the motion and spoke. Dr. Mathew Kuzhalnadan as authorised by Shri P. Ubaidulla moved an amendment to circulate the Bill for eliciting public opinion and Shri T. P. Ramakrishnan as authorised by Smt. O. S. Ambika moved another amendment for referring the Bill to a Select Committee and spoke. Shri A. Prabhakaran as authorised by Shri Xavier Chittilappilly seconded the amendment to circulate the Bill for eliciting public opinion and spoke. Shri V. R. Sunil Kumar as authorised by Shri C. C. Mukundhan seconded the amendment for referring the Bill to a Select Committee and spoke.

After the reply by the Minister for Local Self Governments, Rural Development and Excise, the ordinance disapproval motion was declared lost. The amendments moved were withdrawn by the leave of the House. Then the Motion was adopted and the Bill was referred to the Subject Committee–VIII.

The House adjourned at 7.40 p.m. to meet again at 9.00 a.m. on Thursday October 7, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*